# മുയൽ വളർത്തൽ : തീരദേശ പരിസ്ഥിതിയ്ക്കനുയോജ്യമായ ഒരു കാർഷികവൃത്തി

14

ഡോ. ഡി. നോബിൾ
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി - 18

സ്വാദിഷ്ടമായ ഇറച്ചിക്കാണ് പ്രധാനമായും മുയലുകളെ വളർത്തുന്നത്. മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ലാത്ത പുല്ലും ഇലകളും കൂടുതൽ കഴിക്കുകയും ധാന്യാഹാരങ്ങൾ കുറച്ചു തിന്നുകയും വേഗം വളരുകയും ചെയ്യുന്ന മൃഗമാണ് മുയൽ. വളരെപ്പെട്ടെന്ന് വംശവർദ്ധനവിനുള്ള കഴിവ് മുയലുകൾക്കുണ്ട്. പെട്ടെന്ന് തന്നെ പ്രായപൂർത്തിയാവുകയും പ്രസവങ്ങൾ തമ്മിലുള്ള കാലദൈർഘ്യം കുറവുമാണ് വർഷം മുഴുവൻ വംശവർദ്ധനവിന് ഉതകുന്ന ചില പ്രത്യേകതകൾ. ഒരു പ്രസവത്തിൽ തന്നെ ധാരാളം കുഞ്ഞുങ്ങൾ ഉണ്ടാകുന്നത് വ്യാവസായികാടിസ്ഥാനത്തിലുള്ള മുയലുകളുടെ മേന്മയയി കണക്കാക്കപ്പെടുന്നു. വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ ജീവിക്കുവാനുള്ള കഴിവ് ഉള്ളതിനാൽ പരിപാലനത്തിൽ പാലിക്കേണ്ട ചില ചിട്ടകൾ വശമാക്കിയാൻ മുയൽ വളർത്തർ ലാഭകരമായ ഒരു കൃഷിയാണ്.

നമ്മുടെ നാട്ടിൽ പൊതുവായി ഇറച്ചി ഇനങ്ങൾ മാത്രമെ വളർത്തുവാൻ സാധിക്കുകയുള്ളൂ. കമ്പളി കുപ്പായമുണ്ടാക്കുന്നതിന് അനുയോജ്യമായ മൃദുരോമങ്ങൾക്കുവേണ്ടിയുള്ള മറ്റിനങ്ങൾ തണുത്ത കാലാവസ്ഥയിൽ മാത്രമേ വളരുകയുള്ളൂ. ഇറച്ചി മുയലുകൾ സാധാരണയായി മൂന്നു വർഗ്ഗത്തിൽ പെട്ടവയാണുള്ളത്. കൂടാതെ സങ്കര വർഗ്ഗത്തിൽ പെട്ടവയുമുണ്ട്.

1. സോവിയറ്റ് ചിൻചില
2. ഗ്രേ ജയന്റ്
3. ന്യൂസിലാൻഡ് വൈറ്റ്
4. സങ്കരവർഗ്ഗങ്ങൾ എന്നിവയാണത്.

മുയലുകൾ പൂർണ്ണ വളർച്ച പ്രാപിക്കുമ്പോൾ 4-5 കിലോഗ്രാം തൂക്കമുണ്ടാകും. പ്രധാന വർഗ്ഗങ്ങൾ തമ്മിലുള്ള സങ്കര ഇനങ്ങളും നാടനുമായുള്ള സങ്കരങ്ങളും സാധാരണ കണ്ടുവരാറുണ്ട്.

### മുയലിനുള്ള കൂടുകൾ

ആൺമുയലുകൾക്ക് 60 സെ.മീ. നീളവും, 60 സെ.മീ. വീതിയും, 45 സെ.മീ. പൊക്കവും ഉള്ള കൂടുകളാണ് അനുയോജ്യമായത്. പെൺ മുയലുകൾക്കാകട്ടെ 90 സെ.മീ. നീളവും, 70 സെ.മീ. വീതിയും 50 സെ.മീ. പൊക്കവും ഉള്ള കൂടുകൾ വേണം നിർമ്മിക്കുവാൻ. കൂടുണ്ടാക്കുവാൻ ഉപയോഗിക്കുന്ന വലകളുടെ കണ്ണി വലിപ്പം, ബേസ്മെന്റ് 1.8 സെ.മീ. X 1.8 സെ.മീ., വശങ്ങൾക്ക് 2.5 സെ.മീ. X 2.5 സെ.മീ. ഉണ്ടായിരിക്കണം. തറനിരപ്പിൽ നിന്ന് ഏകദേശം ഒരു മീറ്റർ ഉയരത്തിൽ വേണം കൂടുകൾ സ്ഥാപിക്കുവാൻ. എലി, പൂച്ച, പാമ്പ് തുടങ്ങിയവയുടെ ശല്യം ഉണ്ടാകാതിരിക്കുവാനാണ് ഇങ്ങനെ ചെയ്യുന്നത്. മുയൽക്കുഞ്ഞുങ്ങളെ തള്ളയിൽ നിന്ന് മാറ്റിയ ശേഷം 1.2 മീ. വീതിയും, 1.5 മീ. നീളവും, 0.7 മീ. പൊക്കവുമുള്ള

കൂടുകളിൽ വളർത്താം. ഏകദേശം 20 കുഞ്ഞുങ്ങളെ ഇതിൽ വളർത്താം. ഇതിനെ 'കോളനി കേജ്' എന്നും വിളിക്കും.

പ്രായപൂർത്തിയായ മുയലുകളെ പ്രത്യേകം മാറ്റിപാർപ്പിക്കണം. അല്ലെങ്കിൽ മുയലുകൾ തമ്മിൽ പൊരുതുവാനും അതുവഴി മുറിവുകൾ ഉണ്ടാകുവാനും സാദ്ധ്യതയുണ്ട്. പ്രസവക്കൂടുകൾ പ്രത്യേകം നിർമ്മിക്കുന്നത് നല്ലതാണ്. ഇതിന് 50 സെ.മീ. നീളം, 30 സെ.മീ. വീതി, 15 സെ.മീ. പൊക്കം ഉണ്ടായിരിക്കണം. വശങ്ങളിൽ മരം കൊണ്ടുള്ള പട്ടികകൾ കൊണ്ടും കീഴ്ഭാഗം വയർമെഷ് കൊണ്ടും കൂടുകൾ നിർമ്മിക്കാവുന്നതാണ്. കൂടിനകത്ത് തീറ്റയും വെള്ളവും പകർന്നു വയ്ക്കുന്നതിനായി കളിമൺ പാത്രങ്ങൾ ഉപയോഗിക്കാം.

**മുയലിന്റെ ആഹാരം**

ഇലകളും, പച്ചക്കറികളും, ധാന്യങ്ങളും കടലയും പയർ വർഗ്ഗങ്ങളും എല്ലാം കഴിക്കുന്നവയാണ് മുയലുകൾ. കടലചെടി, പയറുവർഗ്ഗത്തിൽപെട്ട ചെടികൾ വിളവെടുപ്പിനു ശേഷം ഉണക്കിയും കൊടുക്കാം. അഗത്തിക്കീര, മുരിക്കിന്റെ ഇല, അടമ്പ് എന്നിവയും മുയലുകളുടെ ഇഷ്ടാഹാരങ്ങളാണ്. വളർത്തുപുല്ലുകളായ, ഗിനി, നേപ്പിയർ, പാരാഗ്രാസ് എന്നിവയും കൊടുക്കാം. കടല മുളപ്പിച്ചതോ അല്ലെങ്കിൽ പ്രത്യേകം നിർമ്മിക്കുന്നതോ ആയ പെല്ലെറ്റഡ് തീറ്റയും കൊടുക്കാം. എല്ലാത്തിലുമുപരി ശുദ്ധമായ ജലം ആവശ്യത്തിന് കുടിക്കുവാൻ നല്കണം.

**പ്രജനനം**

ഒരു ആൺ മുയലിന് പത്ത് പെൺമുയലുകൾ എന്ന അനുപാതം മതിയാകും. അഞ്ചു മുതൽ ആറു മാസം വരെ വളർച്ച എത്തിക്കഴിഞ്ഞാൽ ഇണ ചേരുവാൻ അനുവദിക്കേണ്ടതാണ്. മദിലക്ഷണങ്ങൾ കാണുമ്പോൾ പെൺമുയലിനെ ആൺമുയലിന്റെ കൂട്ടിലേക്ക് കൊണ്ടുപോയി ഇടണം. ഒരിക്കലും നേരെ തിരിച്ചാവരുത്. ഫലപ്രദമായി ഇണ ചേർന്നു കഴിഞ്ഞാൽ ആൺമുയൽ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കുകയും ഒരു വശത്തേക്ക് മറിഞ്ഞു വീഴുകയും ചെയ്യും. ഇതെല്ലാം ഒന്നു രണ്ടു മിനിട്ടുകൾക്കകം നടക്കും.



കർഷകർക്ക് മുയൽ വിതരണം

ഗർഭകാലം 28 മുതൽ 34 ദിവസം വരെയാണ്. പ്രസവ ദിവസം തന്നെ വീണ്ടും ഇണ ചേരുന്നതും ഗർഭധാരണം നടക്കുന്നതും മുയലുകളിൽ സാധാരണമാണ്. പ്രസവത്തിന് ഒരാഴ്ച മുമ്പ് തയ്യാറാക്കി വച്ചിട്ടുള്ള പ്രസവക്കൂടുകളിൽ ചകിരിനാരും പേപ്പറും മറ്റുമുപയോഗിച്ച് അനുയോജ്യ സാഹചര്യങ്ങൾ തയ്യാർ ചെയ്യണം. മുയലുകൾ ശരീരത്തിലെ രോമവും ചേർത്ത് കുഞ്ഞുങ്ങൾക്ക് സുഖകരമായ സ്ഥലമൊരുക്കും. പ്രസവശേഷം മൂന്നാഴ്ച കഴിഞ്ഞ് മുയൽ കുഞ്ഞുങ്ങൾ കൂടുവിട്ട് പുറത്തു വരാൻ ശ്രമിക്കുകയും തീറ്റ തിന്നുവാനുള്ള ലക്ഷണങ്ങൾ കാണിക്കുകയും ചെയ്താൽ കൂട് എടുത്ത് മാറ്റാവുന്നതാണ്.

മുയൽക്കുഞ്ഞുങ്ങൾ രോമരഹിതവും, കണ്ണ് അടഞ്ഞ രൂപത്തിലുമുള്ളവയായിരിക്കും. നാല് ദിവസത്തിനു ശേഷം രോമം വളരുകയും, പത്ത് മുതൽ പതിനാല് ദിവസത്തിനുള്ളിൽ കണ്ണ് തുറക്കുകയും ചെയ്യും. കുഞ്ഞുങ്ങളെ ദിവസേന ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. കിടക്ക നനഞ്ഞ് ഈർപ്പമുള്ളതായി അനുഭവപ്പെട്ടാൽ അത് മാറ്റി പുതിയവ തയ്യാറാക്കിക്കൊടുക്കണം. എപ്പോഴും നോക്കിയും, എടുത്തുമാറ്റിയും ശല്യം ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാലയളവിൽ പോഷക സമൃദ്ധമായ തീറ്റ നല്കേണ്ടത് വളരെ അത്യാവശ്യമാണ്. ആവശ്യത്തിന് പോഷകമൂല്യമുള്ള ആഹാരം കിട്ടാതെ വന്നാൽ തള്ള മുയൽ കുഞ്ഞുങ്ങളെ തിന്നുന്നതിനുള്ള സാദ്ധ്യതയുണ്ട്. നാല് മുതൽ ആറ് ആഴ്ചകൾക്കിടയിലാണ് സാധാരണയായി തള്ളയെ മാറ്റിയിടുന്നത്, ഇതിലും നേരത്തെ ചെയ്യുന്നതും നല്ലതാണ്. അതു കഴിഞ്ഞും കുഞ്ഞുങ്ങളെ മൂന്ന്, നാല് ആഴ്ചകൂടി ആ കൂട്ടിൽ തന്നെ തുടരുവാൻ അനുവദിക്കുക. ഈ സമയത്ത് തീറ്റക്രമത്തിൽ പെട്ടെന്ന് വ്യതിയാനം വരുത്തരുത്.

**രോഗങ്ങൾ**

കുഞ്ഞുങ്ങളെ തള്ളയിൽ നിന്നും മാറ്റുന്നസമയം കോക്സിഡിയോസിസ് എന്ന രോഗം പിടിപെടാൻ സാദ്ധ്യത കൂടുതലുണ്ട്. ആഹാരം കഴിക്കാൻ ഉത്സാഹക്കുറവ് വീർത്ത് തൂങ്ങിയ ഉദരം ക്ഷീണം മുതലായവയാണ് ലക്ഷ്ണങ്ങൾ. പലപ്രതിരോധ മരുന്നുകളും ലഭ്യമാണ്. രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ തന്നെ കൊടുക്കേണ്ടതാണ്.

വളരെ സൂക്ഷ്മമായ 'സാർക്കോപൈറ്റിക്ക്മൈറ്റ്' (Sarcopitic mite) എന്നറിയപ്പെടുന്ന പുറപരാദങ്ങൾ തൊലിയിൽ ഉണ്ടാക്കുന്ന ചൊറിച്ചിലും തുടർന്നുള്ള രോമം കൊഴിയലും മുയലുകളെ തളർത്താറുണ്ട്. പലതരത്തിലുള്ള വയറിളക്കങ്ങളും ശ്വാസകോശസംബന്ധമായ രോഗങ്ങളും പിടിപെടാനുള്ള സാദ്ധ്യകളുമുണ്ട്. കാൽമുട്ടിൽ പ്രത്യേകിച്ചു വലിപ്പം കൂടിയ ഇനങ്ങൾക്ക് ഉണ്ടാകുന്ന വീക്കവും വ്യണവും, ചൂടു കൊണ്ടുണ്ടാകുന്ന ആഘാതവും പിൻകാലിലുണ്ടാകുന്ന തളർച്ചയും അപൂർവ്വമല്ല. ശരിയായ ശുചിത്വവും പരിപാലനക്രമങ്ങളും അനുവർത്തിക്കുന്നതുവഴി പല രോഗങ്ങളിൽ നിന്നും മുയലുകൾക്ക് പരിരക്ഷ നൽകുവാനാകും. ☸

